5887
2 1937
5884

COCHIN

LEGISLATIVE COUNCIL PROCEEDINGS

(OFFICIAL REPORT OF THE SECOND LEGISLATIVE SESSION OF THE FOURTH COCHIN LEGISLATIVE COUNCIL.)

Vol. IV — 1112.

COCHIN LEGISLATIVE COUNCIL

Saturday,

3rd April, 1937.
21st Meenam, 1112.

The Council met in the Council Hall, Ernakulam, at Eleven of the Clock with the Hon'ble the President (Sir Shanmukham Chetty, K. C. I. E.) in the Chair.

Messrs. K. T. Mathew, T. K. Nayar, Popatlal Goverdhan Lalan, Shabdai S. Koder, R. Viswanathan Chettiar, H. J. Walmesley and Mrs. Meenakshi N. Menon were absent.

Questions and Answers.

Pay bill—delay in passing—Vellani School.

നമ്പ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെൻറ് സദയം മറുപടി പറയുമോ:—

(എ) വെള്ളാനി സ്കൂളിൻെറ കഴിഞ്ഞ ചിങ്ങം, കന്നി ഈ മാസങ്ങളിലെ ശമ്പളബിൽ പാസാക്കി അയച്ചതും ആ ബില്ലുകൾ കാഷ് ചെയ്തതും എന്നാണെന്ന പറയാമോ;

(ബി) ബില്ലുകൾ കാഷ് ചെയ്തിട്ടും ശമ്പളം തങ്ങൾക്ക കിട്ടീട്ടില്ലെന്ന് പ്രസ്തുത സ്കൂളിലെ അദ്ധ്യാപകന്മാരിൽനിന്നും വല്ല ആക്ഷേപവും ഗവമ്മെൻറിലേക്ക കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ

(സി) ആ സംഗതിയിൽ ഗവമ്മെൻറ് എന്താണ പ്രവൃത്തിച്ചതെന്ന പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഗ) പ്രസ്തുത സ്കൂൾ എന്നാണ് സ്ഥാപിച്ചതെന്നും അതിന്റെ ആദ്യംമുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മാനേജർമാർ ആരെല്ലാമെന്നും പറയാമോ;

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.—

(ക) പാസാക്കി അയച്ചത്.	കാഷ് ചെയ്തത്.
ചിങ്ങം ബിൽ ക—ന—കകക.	ന—ന—കകക.
കന്നി ബിൽ ഖ—ന—കകക.	ന—ന—കകക.

(ഖ) ഉണ്ട്.

(ന) ടി ഹർജികൾ മാനേജരുടെ അടിയന്തിര റിമാർക്സിനു അയക്കുകയും അവരുടെ ശമ്പളം കൊടുത്തിട്ടില്ലെങ്കിൽ ഉടനെ കൊടുക്കേണ്ടതാണെന്നും അപ്രകാരം പ്രവൃത്തിച്ചതിനു അവരുടേയും സ്റ്റേറ്റുമെണ്ടുകൾ ആഫ്പീസ്സിലേക്കു അയച്ചുതരേണ്ടതാണെന്നും കർശനമായി താക്കീതുചെയ്തു ഉപദേശിക്കുകയും ചെയ്തു.

മേൽ വിവരിച്ച സംഗതിയിൽ അദ്ധ്യാപകന്മാർക്കു ശമ്പളം കിട്ടിയതായി സ്റ്റേയിറ്റുമെണ്ടുകൾ അയച്ചുതരികയും ടി ഹർജികാര്യം അവസാനിപ്പിക്കുകയും ചെയ്തു.

(ങ) കകഠഖ കന്നിയിൽ.

(ക) പുള്ളത്ത് വേലായുധമേനോൻ.

(ഖ) പുള്ളത്ത് കൃഷ്ണമേനോൻ.

(ന) എടക്കാട്ടിൽ ഗോപാലമേനോൻ.

(ങ) കോരങ്കണ്ടത്തു് അച്ചുതൻനായർ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ശമ്പളം എന്നാണു കൊടുത്തതെന്നു പറയുവാൻ സാധിക്കുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ബിൽ കാഷ് ചെയ്ത ദിവസമേ അറിയാവൂ. ബിൽ കാഷ് ചെയ്തതിനു ശേഷം എത്രകാലം കയ്യിൽ വച്ചിരുന്നുവെന്നു അറിവില്ല. വേണമെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാനും വിരോധമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—"ടി ഹർജികൾ മാനേജരുടെ അടിയന്തിര റിമാർക്സിനയക്കുകയും, അവരുടെ ശമ്പളംകൊടുത്തിട്ടില്ലെങ്കിൽ ഉടനെ കൊടുക്കേണ്ടതാണെന്നും അപ്രകാരം പ്രവൃത്തിച്ചതിനു അവരുടേയും സ്റ്റേറ്റുമെൻറുകൾ" എന്നു പറഞ്ഞിരിക്കുന്നു. ഈ അവരുടേയും എന്നു പറഞ്ഞിട്ടുള്ളതു് ആരുടേതാണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മാസ്റ്റർമാരുടെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മാസ്റ്റർമാരെ സംബന്ധിച്ചാണോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മാനേജർമാർ ശമ്പളം കൊടുക്കാത്തതിന് മാസ്റ്റർമാർ എന്തെങ്കിലും തെറ്റുകാരാണോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മാസ്റ്റർമാർ എന്തു പ്രവൃത്തിച്ചു എന്നുള്ള സ്റ്റേറ്റുമെൻറ് ആഫീസിലേക്കയക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.—ഈ ബില്ലിന് ഇത്ര താമസം വരുവാനുള്ള കാരണമെന്താണെന്ന അന്വേഷിച്ചിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മാസ്റ്റർമാരും മാനേജർമാരും തമ്മിൽ നല്ല സ്നേഹമില്ലാത്തതുകൊണ്ട്, അവരുടെ സ്വർദ്ധകൊണ്ടുണ്ടായിട്ടുള്ളതാണ്.

മിസ്റ്റർ എ. ഈച്ചരമേനോൻ *(Chittur Rural)*.— മാനേജർമാരുടെ റിമാർക്ക്സ് എന്താണ്?

റാവു സാഹിബ് ഐ. എൻ മേനോൻ *(Director of Public Instruction)*.— മാസ്റ്റർമാർ മാനേജർമാർ പറയുന്നതുപോലെ പ്രവൃത്തിക്കുന്നില്ല. അവരുടെ ആർഡറിനെ നിഷേധിക്കുന്നുവെന്നാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— ബിൽ കാഷ്ചെയ്തതിനു ശേഷമാണോ അവർക്ക ശമ്പളം കൊടുത്തത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— നോട്ടീസുവേണം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— സാധാരണയായിട്ട് ഗ്രാൻറു സ്കൂളുകളിൽ ബിൽ കാഷ്ചെയ്തതിനു ശേഷമാണോ ശമ്പളം കൊടുക്കുന്നതെന്നു പറയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ചില ദിക്കുകളിൽ അങ്ങനെയാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— മിക്കവാറും ദിക്കുകളിൽ അങ്ങനെതന്നെയാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ചില ടിക്കുകളിൽ അങ്ങനെയാണെന്നറിയാം.

Mr. A. V. Moothedan *(Chalakkudi)*.—What is the date of the complaint?

Rao Sahib I. N. Menon *(Director of Public Instruction)*.—Mr. President, there have been a series of complaints. The complaint is first registered in the office of the Inspector of Schools. If the Hon'ble Member wants the date of the first complaint I shall make a reference.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.—ശമ്പളം കിട്ടിയതിനു ശേഷമാണോ ബില്ലോടുകൂടി അയക്കേണ്ട രസീതുകൾ ഒപ്പിട്ടുകൊടുക്കുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— കിട്ടി ബോധിച്ചുവെന്നാണ് രസീത്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— ശമ്പളം കിട്ടാതെ രസീതു ഒപ്പിട്ടുകൊടുക്കരുത്, അങ്ങനെ ഒപ്പിട്ടുകൊടുത്താൽ പിന്നീടുവരുന്ന ആക്ഷേപങ്ങൾ കേൾക്കയില്ല എന്നുള്ള സർക്കുലർ അനുസരിക്കുന്നതോ അനുസരിക്കാതിരിക്കുന്നതോ ഏതാണ് അധികം നല്ലത് എന്നു പറയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അദ്ധ്യാപകവൃത്തിക്കു വരുന്ന ആളുകളുടെ നില ആലോചിച്ചും അവരുടെ ബുദ്ധിമുട്ട് കഴിയുന്നതു കുറക്കണമെന്നു കരുതിയും ഇങ്ങനെ ഒരു സർക്കുലർ അയച്ചിട്ടുള്ളതാണ്. ഇതിൽ പറയുന്ന കാര്യത്തിൽ ശമ്പളം കൊടുത്തിട്ടില്ലെങ്കിൽ കൊടുക്കണമെന്നും സർക്കുലർ അയച്ചിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— ബിൽ കാഷ് ചെയ്തതിനു ശേഷം ശമ്പളം കൊടുത്തുവെന്നാണോ ഡിപ്പാർട്ടുമെൻറിൽനിന്നും മനസ്സിലാക്കീട്ടുള്ളത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— കാഷുചെയ്തതിനു ശേഷം കൊടുത്തുവെന്നാണ്.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മാനേജർമാരുടെ റിപ്പോർട്ട് അദ്ധ്യാപകന്മാരുടെ പ്രവൃത്തിദോഷംകൊണ്ടാണെന്നു പറയുകയുണ്ടായി. അതു ഗവൺമെൻറിൽനിന്നും അനേഷിച്ചുവോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഒരാളെ ഒരു ജോലിക്കുവച്ചാൽ അയാൾ അതു മുഴുവ

LIBRARY ARCHIVES Kerala Legislative Assembly

ൻ ശരിയായി അനുസരിച്ചു പ്രവൃത്തിച്ചില്ലെങ്കിൽ അതു പ്രവൃത്തിദോഷമാണെന്നു പറയുവാൻ കാരണമാകും. ഇതിൽ ഗവൺമെൻറിന്റെ കർത്തവ്യംകൂടി ആവശ്യമായിട്ടുണ്ട്. എന്താണെന്നുവച്ചാൽ ശമ്പളം കൊടുക്കുക, അതിൽ എന്തെങ്കിലും കുഴപ്പങ്ങളുണ്ടെങ്കിൽ അതു മേലാൽ വരാതിരിക്കുവാൻവേണ്ടി മാനേജർമാരെ ഉപദേശിക്കുക, അതിനുശേഷം വീണ്ടും അങ്ങനെ ഒരു അവസരം വരുമ്പോൾ കഠിനമായ ശിക്ഷ കൊടുക്കുക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ഈ സ്കൂൾ എന്നാണു തുടങ്ങിയതു?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഫാറം കന്നിയിൽ എന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഫാഫ ഇടവത്തിൽ ഈ സ്കൂൾ തുടങ്ങീട്ടില്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— സാധാരണയായിട്ടു് ഫാഫ, ഫാറം എന്നു പറയുന്നതൊക്കെ എഡ്യൂക്കേഷൻ വർഷമാണു്. പഞ്ചാംഗപ്രകാരമുള്ള വർഷം കണക്കാക്കുമ്പോൾ വിഷമംവരും. ഫാഫ മീനം മുതൽ ഫാറം മീനംവരെ എന്നാണു് ഒരു വർഷമായി കണക്കാക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— പിന്നെ എന്താണു് ഫാറം കന്നി എന്നു പറഞ്ഞിരിക്കുന്നതു്.

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഫാറം കന്നി എന്നു പറഞ്ഞാൽ ഫാറം തന്നെയാണു്; ഫാറം എന്നു പറഞ്ഞതുകൊണ്ടു തെറ്റായിവരുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പുള്ളത്തു വേലായുധമേനോനെ മാനേജരാക്കിയതു് ഫാറം കന്നിയിലാണോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— മാനേജരാക്കിവച്ചിട്ടുള്ള ഡേറാണു്. എന്നാൽ അദ്ദേഹവും സ്റ്റാഫും കറസ്പാണ്ടൻസു് ചെയ്ത ഡേറു ഡിപ്പാർട്ടുമെൻറിന്നറിവില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— ശമ്പളം ശരിക്കു കിട്ടുന്നില്ലെന്നു ഗ്രാൻറു സ്കൂളിൽനിന്നു് ഇതല്ലാതെ വേറെയും ആക്ഷേപങ്ങൾ കിട്ടീട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction.)*— ഇതിനു തക്കതായ മറുപടി പറയുവാൻ വളരെ ബുദ്ധിമുട്ടുണ്ടു്. എന്താണെന്നുവച്ചാൽ ഗ്രാൻറു സ്കൂളുകൾ വളരെയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെനിന്നെല്ലാം വളരെ ആവലാതികൾവരും. ശമ്പളം കൊടുക്കുവാൻ വൈകുന്നു, ബിൽ കാഷുചെയ്തിട്ടും വൈകുന്നുണ്ടു എന്നുള്ള ആക്ഷേപങ്ങൾ ഇടക്കിടെ വരാറുണ്ട്.

Students' League—Trichur—order issued prohibiting students from taking part in the League.

327. Mr. E. Ikkanda Warriar (*Urakam*).—Will the Government be pleased to state:—

(1) whether the Director of Public Instruction has issued a circular prohibiting students from joining and taking part in the Students' League in Trichur;

(2) if so, will they be pleased to place a copy of it on the table?

Rao Sahib I. N. Menon (*Director of Public Instruction*).—

(1) No. The Manager, C. M. S. High School, Trichur, reported that the Students' League seemed to be quite an independent institution which took up subjects of all sorts—social, literary, *State and political matters*—for discussion. Thereupon a memo was issued to the Headmaster of the school and the Inspector of Schools, Northern Division, to instruct the pupils to sever their connection with the League since it was of a political character also.

(2) A copy of the memo is placed on the table. (*Appendix I*).

Mr. E. Ikkanda Warriar (*Urakam*).—Cannot the students interest themselves in State and political matters?

Rao Sahib I. N. Menon (*Director of Public Instruction*).—The Government cannot give an off-hand reply to this question because the word can be used in very different degrees of comprehensiveness. The students can hold parliamentary debates under the guidance of the teachers and talk in decent language anything political.

Mr. E. Ikkanda Warriar (*Urakam*).—What are the State and political subjects which they discussed?

Rao Sahib I. N. Menon (*Director of Public Instruction*).—I did not make an exhaustive search of the list of subjects. The request was to the Director of Public Instruction through the headmaster of the C. M. S. High School and the request was for the frequent use of the school hall. One of the rules in the Code

LIBRARY ARCHIVES Kerala Legislative Assembly